## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1131

30.01.2018-ൽ മറുപടിയ്ക്ക്

## ചേലക്കര ബൈപ്പാസ് നിർമ്മാണം

ചോദ്യം: ശ്രീ.യു. ആർ. പ്രദീപ്

ഉത്തരം: ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) 2016-17ലെ ബഡ്ജറ്റിൽ കിഫ്ബി മുഖേന ചെയ്തു തീർക്കുവാൻ പ്രഖ്യാപിച്ച ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ M/s. AA&S കൺസ്ട്രക്ഷന് അവാർഡ് ചെയ്ത് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. |
| (ബി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി പ്രവൃത്തിയുടെ ടെൻഡർ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ഇൻവെസ്റ്റിഗേഷൻ സമയബന്ധിതമായി പൂർത്തികരിച്ച് ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുന്നതിനും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഊർജ്ജിത നടപടി സ്വീകരിക്കുമോ;<br>(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) & (സി) & (ഡി) ഈ പ്രവൃത്തിയുടെ അലൈൻമെന്റിൽ ഭൂരിഭാഗവും കടന്നു പോകുന്നത് വയലുകളിലൂടെ ആണ്. കൃഷി ഇറക്കിയിട്ടുള്ളതിനാൽ, ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കൊയ്ത്തു കഴിഞ്ഞ് ചെളിവറ്റുന്ന മുറയ്ക്ക് മാത്രമേ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുവാനും, കിഫ്ബിയ്ക്ക് ഡി.പി.ആർ സമർപ്പിക്കുവാനും സാധ്യമാകുകയുള്ളൂ. നെൽവയലുകളെ ബാധിക്കാത്ത തരത്തിലുള്ള അലൈൻമെന്റും പ്രാദേശികമായി ആലോചിച്ച് മാറ്റാൻ പറ്റുമോ എന്നും ചിന്തിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ